LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം റെയിൽവേ സ്റ്റേഷൻ വികസനം

64 (410) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റെയിൽവേ സ്റ്റേഷൻ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാരിൽനിന്നും 1.98 കോടി രൂപയും റെയിൽവേയിൽനിന്നും 5.85 കോടി രൂപയും ഉപയോഗപ്പെടുത്തി കൊല്ലം റെയിൽവേ സ്റ്റേഷൻ നവീകരണത്തിനും രണ്ടാം പ്രവേശന കവാടം വികസിപ്പിക്കാനുമുള്ള പദ്ധതി ആവിഷ്കരിച്ച് റെയിൽവേ നടപ്പാക്കിവരുന്നു.

(ബി) പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ത്വരിതഗതിയിൽ നടപ്പാക്കി വരുന്നതായും റെയിൽവേ അറിയിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

65 (411) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം മോണിറ്റർ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ടി വരുന്ന ഇക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പ്രോജക്ട് നടപ്പിലാക്കാൻവേണ്ടി 2011 ആഗസ്റ്റ് മാസത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു ഭാരത സർക്കാർ ഈ പദ്ധതിക്ക് 2012 ജൂലൈ മാസം അനുമതി നൽകി. പദ്ധതി പ്രവർത്തനങ്ങൾക്ക് 2013 ജൂണിൽ തുടക്കമായി. ഡി.എം.ആർ.സി. തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം ഈ പദ്ധതിക്ക് 5181.79 കോടി രൂപ ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ 92%-വും ഏറ്റെടുത്തുകഴിഞ്ഞു. സിവിൽ സംബന്ധമായ നിർമ്മാണ ജോലികൾ തൃപ്തികരമായി മുന്നേറുകയും ഏകദേശം 41% പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഡയറക്ടർ ബോർഡ് സംവിധാനത്തെകൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ കമ്പനിക്ക് മാനേജിംഗ് ഡയറക്ടർ ചെയർമാനായും കമ്പനിയുടെ മുഴുവൻ സമയ ഡയറക്ടർമാരായും, ഡി.എം.ആർ.സി. ഡയറക്ടറും അംഗങ്ങളായുള്ള രണ്ട് ഉപസമിതികളും നിലവിലുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഹൈ പവർ കമ്മിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇവ കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഊർജ്ജ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗങ്ങളും വിളിച്ചുചേർക്കാറുണ്ട്.

(സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിഹിതം 1002.23 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക വിഹിതം 1911.56 കോടി രൂപയുമാണ്. കൂടാതെ ദീർഘകാല വായ്പയായി 2170 കോടി രൂപ ഫ്രഞ്ച് വികസന ഏജൻസിയിൽനിന്നും കാനറാ ബാങ്കിൽനിന്നും ലഭിക്കും. വസ്തു വികസനത്തിൽ (Property Development) നിന്ന് 98 കോടി രൂപയും ലഭിക്കുന്നതാണ്.

(ഡി) ആലുവ മുതൽ മഹാരാജാസ് കോളേജ് ജംഗ്ഷൻ വരെയുള്ള 18 കിലോമീറ്റർ 2016 ജൂണിൽ കമ്മീഷൻ ചെയ്യാനും മഹാരാജാസ് കോളേജ് ജംഗ്ഷൻ മുതൽ പേട്ട വരെ 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

ട്രെയിൻ അപായപ്പെടുത്തുന്നത് തടയുന്നതിന് നടപടി

66 (412) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ ട്രാക്കിൽ കല്ലുകളും മറ്റും നിരത്തി ട്രെയിൻ അപായപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;